(ബി) സിനിമാ ടാക്കീസുകളുടെ നിലനിൽപ്പിന് സഹായകരമാംവിധം സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി. ബാലകൃഷ്ണൻ ഐ.എ.എസ്. ചെയർമാനായി ഗവൺമെന്റ് നിയോഗിച്ചിട്ടുള്ള കമ്മിറ്റി ഈ കാര്യം പരിശോധിച്ചുവരികയാണ്. പുതിയ ടെക്നോളജിയുടെ സാധ്യത മുതലെടുത്ത് റിലീസ് തിയേറ്ററുകളുടെ എണ്ണം വർദ്ധിപ്പിക്കാനും മൾട്ടിപ്ലക്സ് തിയേറ്ററുകളെ പ്രോത്സാഹിപ്പിക്കണമെന്നുള്ള നിർദ്ദേശങ്ങൾ കമ്മിറ്റി പരിഗണിക്കുന്നുണ്ട്. വൈഡ് റിലീസ് ചെറുപട്ടണങ്ങളിലും നഗരപ്രാന്തങ്ങളിലുമുള്ള തിയേറ്ററുകളുടെ നിലനിൽപ്പിന് ഗുണകരമായിരിക്കുമെന്ന് കമ്മിറ്റി പ്രാഥമികമായി വിലയിരുത്തുകയുണ്ടായി. സംസ്ഥാനത്ത് കഴിഞ്ഞ പത്തുവർഷങ്ങളിലുള്ളതിന്റെ പകുതി തിയേറ്ററുകൾ മാത്രമേ ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ളൂ. ചലച്ചിത്ര അക്കാദമി ഈ വർഷം നൽകിയ ഫെല്ലോഷിപ്പ് തിയേറ്ററുകളുടെ പ്രശ്നങ്ങൾ ഗൗരവമായി പഠിക്കുന്നതിന് പ്രാധാന്യം നൽകിയിട്ടുണ്ട്.

കുട്ടികളുടെ ചലച്ചിത്ര നിർമ്മാണത്തിന് അവാർഡ്

140 (3902) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളുടെ ചലച്ചിത്രം നിർമ്മിച്ചതുമായി ബന്ധപ്പെട്ട് കെ.എസ്. എഫ്.ഡി.സി ഏതെങ്കിലും പഞ്ചായത്തിന് അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തുകൾക്കാണ് അവാർഡുകൾ പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) അവാർഡ് തുക ഇനിയും വിതരണം ചെയ്തിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അവാർഡ് തുക അടിയന്തിരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.എഫ്.ഡി.സി. അവാർഡ് പ്രഖ്യാപിക്കുന്നില്ല.

(ബി-ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly